## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1367 — 15.06.2012 ൽ മറുപടിയ്ക്ക്

# കാർഷികമേഖലയിലെ മുരടിപ്പിന് പരിഹാരം ഉണ്ടാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.റ്റി.എ. റഹീം. | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികമേഖലയിലെ മുരടിപ്പിന് പരിഹാരം കാണുന്നത് മുഖ്യലക്ഷ്യമായിരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ ഇതിനായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുകയുണ്ടായോ ; വിശദമാക്കാമോ ; | (എ) തകർന്ന് കിടക്കുന്ന കാർഷികമേഖലയുടെ ഉന്നമനത്തിനായി സർക്കാർ അടിയന്തിര പ്രാധാന്യം നൽകുമെന്ന് 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.<br><br>1) കർഷകർക്ക് മൊബൈൽ ഫോണിലൂടെ ഫാം അഡ്വൈസറി മെസ്സേജിംഗ് സമ്പ്രദായം ഏർപ്പെടുത്തി.<br><br>2) കൃഷിക്കാരും ഭൂ ഉടമയും ചേർന്നുള്ള കരാർ കൃഷി നടപ്പിലാക്കി.<br><br>3) ചെറുകിട നാമമാത്ര കർഷകർക്ക് മാസം തോറും 400 രൂപ നിരക്കിൽ പെൻഷൻ ഏർപ്പെടുത്തി.<br><br>4) കണ്ണൂർ ജില്ലയിലെ കുത്തുപറമ്പിൽ ഒരു ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള തുടക്കം കുറിച്ചു.<br><br>5) സംസ്ഥാനത്തെ തിരഞ്ഞെടുത്ത 11 നിയോജക മണ്ഡലങ്ങളിൽ 'നിറവ്' എന്ന പേരിൽ ഒരു സമഗ്ര കാർഷിക വികസന പദ്ധതിക്ക് തുടക്കം കുറിച്ചു.<br><br>6) ഏലത്തിന് 1 കോടി രൂപയുടെ ഒരു |

വിലനിയന്ത്രണ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു.

7) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 1.57 ലക്ഷം ഹെക്ടർ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കി. 6547.56 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷി പ്രോൽസാഹിപ്പിക്കുകയുണ്ടായി. 2975.894 ഹെക്ടർ സ്ഥലത്ത് തരിശു ഭൂമി കൃഷിയോഗ്യമാക്കി.

8) 2700 ഹെക്ടർ സ്ഥലത്ത് ഇതിനകം തന്നെ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കി. 498 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.

9) സംസ്ഥാനത്ത് 10350 ഹെക്ടർ സ്ഥലത്ത് സമഗ്ര നാളീകേര വികസന പദ്ധതി നടപ്പിലാക്കി.

10) കുരുമുളക് പുനരുദ്ധാരണ പദ്ധതിക്ക് 5158 ഹെക്ടർ സ്ഥലത്ത് വയനാട്ടിൽ 645.25 ലക്ഷം രൂപ ചിലവഴിച്ചു.

11) കൃഷി വകുപ്പിന്റെ 6 മൊത്ത വ്യാപാര വിപണികളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഉൽപ്പന്നങ്ങളുടെ ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

**(ബി)** കാർഷികമേഖലയിൽ ഇപ്പോൾ മുരടിപ്പ് മാറിയതായി കരുതുന്നുണ്ടോ ; മുൻ സാമ്പത്തികവർഷം കാർഷികമേഖലയ്ക്ക് മൊത്തം ബഡ്ജറ്റിലെ നീക്കിയിരിപ്പ് എത്രയായിരുന്നു. അതിൽ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ?

**(ബി)** മുകളിൽ പ്രതിപാദിച്ചിരിക്കുന്ന പദ്ധതികളുടെ ഒരു വർഷത്തെ പുരോഗതി വിലയിരുത്തുമ്പോൾ ഈ മുരടിപ്പ് മാറി വരുന്നതായി അനുമാനിക്കാവുന്നതാണ്. 2011-12 വർഷത്തിൽ കൃഷിവകുപ്പിന് പദ്ധതിയിനത്തിൽ 52090.66 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 90.07 ശതമാനം ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ